# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി -പി 5/264/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി -പി 5/264/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2022 | 08-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-02-2022 | 08-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. റോയി.ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീകാന്ത്. സി.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ലക്ഷ്മീകാന്ത് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രശ്മി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. വി.യു.മോഹൻ | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീമതി.ഓമന അമ്മാൾ.ഇ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 15-07-2019 |
| ശ്രീമതി.ശ്രീദേവി കെ.ജി | സെക്രട്ടറി | 16-07-2019 | 03-08-2019 |
| ശ്രീമതി.ലതിക.ജെ | സെക്രട്ടറി | 04-08-2019 | 20-11-2019 |
| ശ്രീമതി.ഓമന അമ്മാൾ.ഇ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2019 | 29-11-2019 |
| ശ്രീ.ജെനിമോൻ.എസ് | സെക്രട്ടറി | 30-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആര്യനാഥ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ കെ.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഹേമ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.എസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 12-02-2020 |
| ശ്രീ. സാബുസുഗതൻ വി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 13-02-2020 | 31-03-2020 |
| ശ്രീമതി.ധന്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജെസ്സി.എ.എസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ. സുജിത് രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഓമന അമ്മാൾ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.രജിമോൾ .ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിജയശ്രീ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 19-07-2019 |
| ശ്രീ.ബൈജു. ടി.സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 20-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: T.M Roy (Senior Grade Auditor, On 07-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 07-03-2022) | 1-2 |
| 4 | വാർഷിക കണക്ക് പരിശോധന – അപാകതകൾ .<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: T.M Roy (Senior Grade Auditor, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 21-03-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 08-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 1-5 |
| 8 | തൊഴിലുറപ്പപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lakshmikanth P (Auditor, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 26-02-2022)<br>Last Updated By: Lakshmikanth P (Auditor, On 15-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 1-9 |
| 12 | തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Lakshmikanth P (Auditor, On 06-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-03-2022) | 1-10 |
| 13 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകത<br>Written By: Lakshmikanth P (Auditor, On 06-03-2022)<br>Last Updated By: Lakshmikanth P (Auditor, On 15-03-2022) | 1-11 |
| 14 | കാർഷികമേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്നില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-03-2022) | 1-12 |
| 15 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ-അപാകതകൾ<br>Written By: Lakshmikanth P (Auditor, On 08-03-2022)<br>Last Updated By: Lakshmikanth P (Auditor, On 10-03-2022) | 1-13 |
| 16 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധനസാമഗ്രികൾ വാങ്ങലും - ഉപയോഗശൂന്യമായ ബൾബുകൾ മാറി നൽകിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 25-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 25-03-2022) | 1-14 |
| 17 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 07/2020) – സർക്കാർ | 1-15 |

| | | |
|---|---|---|
| | ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | |
| 18 | പകൽ വീട് പ്രവർത്തനം - പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ.<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-16 |
| 19 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - ബിൽ തുകയ്ക്ക് ആനുപാതികമായി ജി.എസ്.ടി കുറവ് ചെയ്തില്ല.<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-17 |
| 20 | അനുപൂരക പോഷകാഹാര പദ്ധതി 2019-20 – സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടിയ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി.<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-18 |
| 21 | കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 21-03-2022) | 1-19 |
| 22 | ചാമച്ചിറ കരിക്കാംകാലാ കനകസ്മാരകം റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 21-03-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-03-2022) | 3-1 |
| 2 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 07/2020) – സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.<br>Written By: C.C Jyothimon (Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-03-2022) | 3-2 |
| 3 | ചാമച്ചിറ കരിക്കാംകാലാ കനകസ്മാരകം റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 21-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 21-03-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: T.M Roy (Senior Grade Auditor, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 07-03-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: T.M Roy (Senior Grade Auditor, On 08-03-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 08-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 07-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-03-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | 16.02.2019ലെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരു വിവരം. |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 29.3.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് റിവൈസ്ഡ് ബജറ്റ് 18.3.2020 ലെ 1/1തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 19,85,67,400/- | 19,45,09,452/- |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 102068810 | 102436688 |

### 1-1-1 ബജറ്റ് അവലോകനം

2019-20വർഷത്തെ ബജറ്റ് 29.03.2019 ൽ പാസാക്കിയിട്ടുണ്ട്. 18.3.2020ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ ബജറ്റ് 2019ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 210100201 | വേജസ് | 7,00,000/- | 900,000/- | 966870 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 220600101 | പരസ്യവും പ്രചാരണവും | 35000 | 43000 | 44341 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 230400101 | വെഹിക്കിൾ ഹയർ ചാർജ്ജ് | 5000 | 200000 | 228370 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 250200101 | മണ്ണ് ജല സംരക്ഷണം | 25000 | 25000 | 48,000 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2511006 | സർവ്വശിക്ഷ അഭിയാനം മറ്റ് വിദ്യാഭ്യാസ പരിപാടികളും | 100000 | 100000 | 500000 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 1/28.02.2022) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കുന്നതാണെന്നും, പ്രതിമാസ അവലോകനങ്ങളും വാർഷിക

അവലോകനങ്ങളും നടത്തുന്നതാണെന്നും അറിയിച്ചു.

ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ഹെഡ്ഡുകളിൽ തന്നെ ചെലവ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 19.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ .

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി (Advance To Others) 543495 രൂപയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കും അഗതി രഹിത കേരളം പദ്ധതിയ്ക്കുമായി (Advance To Other Implementing Officers) 1670506 രൂപയും നൽകിയതായി വാർഷിക കണക്ക് ഷഡ്യൂൾ RP-47ൽ കാണിച്ചിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ ടി തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2) ബാലൻസ് ഷീറ്റ് B-18 പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 890515 രൂപയാണ് തിരികെ ലഭിക്കാനുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നത് 880515 രൂപയാണ്.

3) വികസന ഫണ്ട് പൊതുവിഭാഗത്തിലെ ആകെ ചെലവ് തുക സംബന്ധിച്ച് RP-7ലെ രേഖപ്പെടുത്തൽ I-6ലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

RP-7 പ്രകാരമുള്ള ആകെ ചെലവ് -- 9987474രൂപ.

ഉറവിടത്തിൽ കുറവ് ചെയ്ത തുക – 1535541രൂപ.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക – 150000തുക.

ഇതുപ്രകാരം വാർഷിക കണക്ക് I-6ൽ 11373015 രൂപയാണ് വരേണ്ടത്. എന്നാൽ വാർഷിക കണക്ക് I-6ൽ ചേർത്തിരിക്കുന്നത് 10190415 രൂപയാണ്. വ്യത്യാസം 1182600 രൂപ.

4) വാർഷിക കണക്ക് പ്രകാരം ആകെ സ്ഥിരനിക്ഷേപം 1410606/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിലുള്ള വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 1417549/- രൂപയാണ്.

5) നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീടെൻഷൻ മുതലായ ഇനങ്ങളിലെ വരവ്, തിരികെ നൽകിയത്, തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയ തുക എന്നിവയുമായി ബന്ധപ്പെട്ട് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,17,66410/- |
| വരവ് | 6,80,47,693/- |
| ആകെ | 9,98,14,103/- |
| ചെലവ് | 6,64,86,276/- |
| നീക്കിയിരിപ്പ് | 3,33,27,827/- |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 110582 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17129783 | 17129783 | 35294 | 9987474 | 6789368 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 17288588 | 17288588 | 29412 | 6246510 | 11012666 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 236100 | 236100 | 0 | 0 | 236100 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 15597000 | 15597000 | 0 | 12807379 | 2789621 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4174000 | 4174000 | 0 | 2964208 | 1209792 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 10912690 | 10912690 | 0 | 4581334 | 6331356 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 175 | 108472658 | 113 | 50280540 | 00 | 62 | 65 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3972 | 657713 | 661685 | 190246 | 471439 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 12737818 | 12737818 | 12737818 | 00 |
| ആകെ | 3972 | 13395531 | 13399503 | 12928064 | 471439 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 53040 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 3366000 | 23 |
| വിധവാപെൻ ഷൻ | 5710200 | 43 |
| വാർദ്ധക്യകാല പെൻഷൻ | 14482500 | 322 |
| വികലാംഗപെൻഷൻ | 1945000 | 21 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത | 321000 | 23 |

| | | |
|---|---|---|
| കൾക്കുള്ള ധനസഹായം | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2022 തീയതിയിൽ 03:15 PM ന് അസ്സിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,951/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. വിവിധ വരവിനങ്ങളുടെ വർഷാന്ത്യ സംക്ഷിപ്തവും (ഡി.സി.ബി) തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തമെഴുതി സൂക്ഷിക്കുന്നില്ല.

7.പെൻഷണേഴ്സിന്റെ മരണവിവരങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുപോലും പെൻഷൻ സസ്പെന്റ്ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകളിന്മേൽ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-10 തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2019-20ലെ തൊഴിൽ / സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ / സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ലഭിക്കുന്നതിനായി, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | അപേക്ഷപ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഉസ്താദ് ഹോട്ടൽ | 8 |
| 2 | ജോൺസ് ഹോണ്ട | 2 |
| 3 | ഓറിയോൺ ഏജൻസീസ് | 2 |
| 4 | ഡെയലി ഫ്രഷ് സൂപ്പർ മാർകറ്റ് | 5 |
| 5 | ഇൻഫിനിറ്റ് ഫിറ്റ്നസ് സെൻറർ | 3 |
| 6 | ഗൌരി വുഡ് വർക്ക് | 4 |

| | | |
|---|---|---|
| 7 | ജെ.ബി ട്രേഡിംഗ് | 2 |
| 8 | പി.എം.എൻ.പി ഫർണീച്ചർ മാർട്ട്/ നിയാസ് പി എം | 2 |
| 9 | മൈ ലൈഫ് ഹെൽത്ത് കെയർ സർവീസ് | 4 |

ബി) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1, | ബി എസ് എൻ എൽ , മുളക്കുഴ | ഒന്നാം അർദ്ധ വർഷം |
| 2, | പോസ്റ്റ് ഓഫീസ് , അരീക്കര | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | മധുര മൈക്രോ ഫിനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | ആർകേ ആർക്ക് ഇൻഡസ്ട്രീസ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 5 | മധുര മൈക്രോ ഫിനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 6 | ആർകേ ആർക്ക് ഇൻഡസ്ട്രീസ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 7 | APCOS അരണ്ടകാട് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 8 | APCOS കൊഴുവല്ലൂർ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 9 | APCOS മുളക്കുഴ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 10 | APCOS പെരിങ്ങല | രണ്ട് അർദ്ധ വർഷങ്ങളിലും |
| 11 | APCOS കാരക്കാട് | രണ്ട് അർദ്ധ വർഷങ്ങളിലും |

സി) ഇത് കൂടാതെ പ്രോജക്ട് നം 28/2019 പ്രാകാരം നിയമിച്ച ജാഗ്രതാ സമിതിയുടെ വനിതാ ഫെസിലിറ്റേറ്ററുടെ രണ്ട അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം: 4/04/03/2022 ) മറുപടി ലഭിച്ചിട്ടില്ല.

ഡി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 /04-03-2022) മറുപടി ലഭിച്ചില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 ഇൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1, | APCOS അരണ്ടകാട് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 2, | APCOS കൊഴുവല്ലൂർ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | APCOS മുളക്കുഴ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | APCOS പെരിങ്ങല | രണ്ട് അർദ്ധ വർഷങ്ങളിലും |

| | | |
|---|---|---|
| 5 | APCOS കാരക്കാട് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 6 | കൽപ്പന ഫിനാൻസിയേഴ്സ് | രണ്ടാം അർദ്ധ വർഷം |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 5, തീയതി 04/03/2022 ) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകത

1) ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം : | സ്ഥാപനം |
|---|---|
| 1 | പ്രഭുറാം മിൽസ് ,കോട്ട, കാരക്കാട് , ചെങ്ങന്നൂർ |
| 2 | പഞ്ചായത്ത് പരിധിക്കുള്ളിലെ കള്ള് ഷാപ്പുകൾ |
| 3 | പഞ്ചായത്ത് പരിധിക്കുള്ളിലെ റേഷൻ കടകൾ |

കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ഒരു സ്ഥാപനമാണ് പ്രഭുറാം മിൽസ്. എഴുപതോളം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഇടാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഇനത്തിലും മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിലും പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വൻ കുറവാണ് ഉണ്ടാകുന്നത്.

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്) എ9-764/2019 നമ്പർ സർക്കുലറിൽ പഞ്ചായത്തിന്റെ പരിധിയിലെ റേഷൻ വ്യാപരികൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികൾ ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 3, തീയതി 04/03/2022) മറുപടി ലഭിച്ചിട്ടില്ല.

ഇത് കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുകയും വിട്ടു പോയ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കുകയും ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന്' നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് കാലോചിതമായി പരിഷ്കരിച്ചിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ലൈസൻസ് പുതുക്കുന്നതിന് നല്കിയ അപേക്ഷാ ഫോറങ്ങൾ ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന് അനുസൃതമായി പരിഷ്കരിച്ച രീതിയിലുള്ളതല്ല. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതോടെ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമങ്ങളിലെ " അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും " എന്ന പ്രയോഗം "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും" എന്നു ഭേദഗതി ചെയ്യപ്പെട്ടു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററുകളും അപേക്ഷാ ഫോറങ്ങളും പുതിയ ആക്ട് പ്രകാരം പരിഷ്കരിച്ച രീതിയിൽ ഉള്ളതല്ല, കാലഹരണപ്പെട്ട D&O പ്രകാരമുള്ള അപേക്ഷകൾ ആണ് നല്കി വരുന്നത്. ഈ അപേക്ഷാ ഫോറങ്ങളിൽ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപന ഉടമകളോട് മൂലധന നിക്ഷേപത്തിന് പകരം D&O ലൈസൻസ് പ്രകാരമുള്ള ദിവസേനയുള്ള വിറ്റുവരവ് ആണ് ആരായുന്നത്. ഇതുമൂലം ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന് അനുസൃതമായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു.

## 1-12 കാർഷികമേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നില്ല.

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷ കാലയളവിൽ കാർഷിക മേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ തുലോം പരിമിതമാണ്. താരതമ്യേന കാർഷിക മേഖലയ്ക്ക് കൂടുതൽ സാദ്ധ്യതകളുള്ള പഞ്ചായത്തിൽ ഈ കാലയളവിൽ മൂന്ന് പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ തന്നെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുമില്ല. തരിശുനിലങ്ങൾ ധാരാളമായുള്ള മേഖലയായിട്ടുകൂടി അത് കൃഷിക്ക് ഉപയുക്തമാക്കുന്ന കാര്യത്തിൽ കൂടുതൽ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഇടവിളകൃഷി പോലെയുള്ള മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടില്ല. ടി കാലയളവിൽ വികസനഫണ്ട് പൊതു വിഭാഗത്തിൽ 6789368 /- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയ സാഹചര്യത്തിലാണ് കാർഷികമേഖലയിൽ ആവശ്യത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നതെന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ-അപാകതകൾ

പഞ്ചായത്തിലെ 2019-2020 വർഷത്തെ മരണറിപ്പോർട്ടും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട ശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ അധികം തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പെൻഷൻ അനുവദിച്ചത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ചെല്ലമ്മ ആനാട്ടുതടത്തിൽ കാരക്കാട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640200128 | 20.2.19 | 26.3.19 | 4/2019വരെ | 3/19, 4/19 3000/- |
| 2 | കുഞ്ഞമ്മ പളനികുന്നതിൽ പിരളശ്ശേരി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640200813 | 30.8.19 | 26.11.19 | 9/19മുതൽ 12/21വരെ തുക കൈപ്പറ്റി 1/22ലെ 1600/- രൂപ ബാങ്കിന് കൈമാറി | *39400/-രൂപ ഫെഡറൽ ബാങ്ക് മുളക്കുഴ A/c. 11670100121919 |

[*9/19, 10/19,11/19 ▶ 3600/-, 12/19മുതൽ 4/20വരെ ▶ 6100/-,5/20മുതൽ 8/20 വരെ ▶ 5200/-,
9/20മുതൽ 12/20 വരെ ▶ 5600/-,1/21മുതൽ 3/21 വരെ ▶ 4500/-, 4/21മുതൽ 12/21 വരെ ▶ 14400/-,]

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികകമായി കൈപ്പറ്റിയിട്ടുള്ള 42400/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.അധികമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള തുക ഡി.ബി.ടി സെല്ലിലേക്ക് തിരികെ ഒടുക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ബാങ്ക്/സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ മരണം രജിസ്റ്റർ ചെയ്തശേഷവും മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പരാമർശം |
|---|---|---|---|---|---|
| 1 | അർജ്ജുൻ ആചാരി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640201410 | 29.6.2019 | 10.7.2019 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ5/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 2 | വേലു പുതുപ്പറമ്പിൽ | ,, 104640202722 | 14.6.19 | 10.7.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞു വെച്ചിരിക്കുന്നു |
| 3 | ബാലകൃഷ്ണപിള്ള സരസ്വതി വിലാസം | ,, 104640200643 | 14.9.19 | 21.10.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 4 | പത്മാകരൻ മുകാടിതാഴത്തേതിൽ | ,, 104640200622 | 31.10.19 | 17.11.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 7/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 5 | അമാനുള്ള ഖാൻ അസ്ലാം മൻസിൽ | 104640201949 | 6.11.19 | 12.11.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 6 | ഗൗരിക്കുട്ടിയമ്മ ശ്രീഭവൻ | 104640201904 | 14.9.19 | 29.11.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 7 | ഭാസ്കരൻ കണ്ണങ്ങാട്ടിൽഹൗസ് | 104640202283 | 27.11.19 | 21.12.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 8 | ചെല്ലമ്മ പുഷ്പമംഗലത്ത് | 104640200348 | 30.9.19 | 21.12.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |

മരണം റിപ്പോർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞ് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വളരെയധികം കാലതാമസം ഉണ്ടായിട്ടുള്ളവയിൽ ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഡി.ബി.ടി റിപ്പോർട്ട് പ്രകാരം വിതരണം ചെയ്യാൻ സാധിക്കാതെ വിവിധ സഹകരണ ബാങ്കുകളിൽ അവശേഷിക്കുന്ന ഈ തുകകൾ ഡി.ബി.ടി സെല്ലിലേക്ക് തിരികെ അടയ്ക്കുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ തുക ലഭിക്കുന്നവർ മരണപ്പെട്ടാൽ പെൻഷൻ സസ്പൻഡ് ചെയ്യുന്നതു വരെയുള്ള കാലയളവിൽ അനർഹമായി നൽകുന്ന തുക അനന്തരാവകാശികൾ കൈപ്പറ്റുന്ന സ്ഥിതിയാണുള്ളത്. കൂടാതെ പെൻഷണർ മരണപ്പെട്ടശേഷവും പെൻഷൻ നിർത്തലാക്കാതെ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തുന്നതിനാൽ ദീർഘനാളത്തെ പെൻഷൻ ബാധ്യതയായി ഡി.ബി.ടി ട്രാൻസാക്ഷൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുകയും ആയത് വൻബാധ്യതയായി സർക്കാർ കണക്കുകളിൽ പ്രതിഫലിക്കപ്പെട്ടവാനും സാധ്യതയുണ്ട്. ആയതിനാൽ പെൻഷണേഴ്സിന്റെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കാലവിളംബം കൂടാതെ പെൻഷൻ സ്സപെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധനസാമഗ്രികൾ വാങ്ങലും - ഉപയോഗശൂന്യമായ ബൾബുകൾ മാറി നൽകിയില്ല.**

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും സാധനസാമഗ്രികൾ വാങ്ങലും എന്ന പദ്ധതിയ്ക്കായി (പ്രോ.നം 188/20) തെരുവ് വിളക്ക് ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് കരാറെടുത്ത എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 910835 രൂപയുടെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുകകയും തൻവർഷം 501860 രൂപ നൽകുകകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം എഡിസൺ ഇലക്ട്രോണിക്സ് 2019-20 സാമ്പത്തിക വർഷം വിതരണം നടത്തിയ 1500 എണ്ണം 15w എൽ.ഇ.ഡി ലൈറ്റുകളിൽ 695 എണ്ണവും ഉപയോഗശൂന്യമാണെന്ന് 28.01.2020ലെ A2-833/2020 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എഡിസൺ ഇലക്ട്രോണിക്സിനെ അറിയിച്ചതിനെ തുടർന്ന് ടി സ്ഥാപനം 304 എണ്ണം മാറ്റി നൽകുകയുണ്ടായി. ഇവ 15.06.2020ൽ തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ പേജ് നം 193ൽ ചേർത്ത് വിതരണം നടത്തിയിട്ടുണ്ട്. വാറന്റി കാലാവധിക്കുള്ളിൽ തന്നെ ഉപയോഗശൂന്യമായ 695 ലൈറ്റുകൾ പൂർണ്ണമായി മാറിതരുവാൻ സ്ഥാപനത്തിന് ബാധ്യതയുണ്ടെന്നിരിക്കെ 304 എണ്ണം മാത്രം മാറ്റി നൽകിയത് ശരിയായ നടപടിയല്ല. എഡിസൺ ഇലക്ട്രോണിക്സ് വിതരണം ചെയ്ത 15w എൽ.ഇ.ഡി ലൈറ്റുകളിൽ ഏകദേശം പകുതിയോളം ഉപയോഗശൂന്യമായി എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. കേടായ മുഴുവൻ ബൾബുകളും തിരിച്ചെടുക്കാത്ത സ്ഥാപനത്തിനെതിരെ യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുക വഴി സ്ഥാപനം കരാർ ലംഘനം നടത്തുന്ന സന്ദർഭങ്ങളിൽ പ്രസ്തുത നഷ്ടം സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ സ്ഥാപനം സെക്യൂരിറ്റി നിക്ഷേപമായി ഒടുക്കിയ 50925 രൂപ കരാർ കാലാവധിയ്ക്ക് ശേഷം സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് പൂർണ്ണമായി റിലീസ് ചെയ്ത് നൽകുകയാണ് ചെയ്തത്.

ഉപയോഗ ശൂന്യമായ 391 എൽ.ഇ.ഡി ബൾബുകൾക്ക് പകരം എഡിസൺ ഇലക്ട്രോണിക്സിൽ നിന്നും പുതിയ ബൾബുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 391 എൽ.ഇ.ഡി ബൾബുകളുടെ വിലയായ 70,380 രൂപ (391x180) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം – 14/7.3.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം.
16/12.11.2019 – 4,53,570/-
26/16.3.2020 – 48,290/-

## 1-15 തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 07/2020) – സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 4,61,800രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമായി നടത്തുന്നതിന് 2018-19 വർഷം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ഇലക്ട്രീഷ്യന്മാരായ ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവരുടെ സേവനം 2019-20 വർഷത്തേയ്ക്ക് നീട്ടുന്നതിനും ഒരു പോസ്റ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള വേതനം 75 രൂപയിൽ നിന്നും 100 രൂപയായി ഉയർത്തുന്നതിനും 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം 5(1)). അറ്റകുറ്റപ്പണി നടക്കുന്ന ദിവസങ്ങളിൽ തെരുവ് വിളക്ക് ഉപകരണങ്ങളും മറ്റും സൈറ്റിൽ എത്തിക്കുന്നതിന് ദിവസം 1000 രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി. തുടർന്ന് 2019-20 വർഷത്തേയ്ക്ക് തെരുവ് വിളക്ക് പരിപാലനത്തിനായി ടി വ്യക്തികളുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, തൻവർഷം 4008 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവർക്ക് വേതനമിനത്തിൽ 4,00,800 രൂപയും വാഹന വാടകയിനത്തിൽ 61,000 രൂപയും ഉൾപ്പെടെ ആകെ 4,61,800രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.08.2015ലെ ഉത്തരവ് നമ്പർ ജി2-44274/2015 പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിച്ച് തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്ന സാഹചര്യത്തിൽ ദിവസ വേതനമായി 700 രൂപയോ അല്ലെങ്കിൽ പോൾ ഒന്നിന് പരമാവധി 75 രൂപയോ ആയി വേതനം നിജപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിനായി വിരുദ്ധമായി പോൾ ഒന്നിന് 100 രൂപ നിരക്കിൽ വേതനം നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് 1,00,200 രൂപയുടെ (4008x100 – 4008x75) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10/5.3.2020) മറുപടി ലഭ്യമാക്കിയില്ല.

2018-19 വർഷം ക്വട്ടേഷൻ നടപടികളിലൂടെ പോസ്റ്റ് ഒന്നിന് 75 രൂപ നിരക്കിലാണ് ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവരെ ഇലക്ട്രീഷ്യന്മാരായി നിയമിച്ചത്. തൻവർഷം ഇവരുടെ അപേക്ഷ പരിഗണിച്ച് 25 രൂപ വർദ്ധനവ് വരുത്തി പുനർനിയമനം നൽകുകയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2020-21 വർഷം ക്വട്ടേഷൻ വിളിച്ച് ഒരു പോസ്റ്റിന് 64 രൂപയ്ക്കാണ് പ്രവൃത്തി നടത്തിയത്. തൻവർഷം ക്വട്ടേഷനിലൂടെ പ്രവൃത്തി നടപ്പാക്കിയിരുന്നുവെങ്കിൽ 75 രൂപയ്ക്കോ അതിൽ കുറഞ്ഞ നിരക്കിലോ ഇലക്ട്രീഷ്യനെ ലഭിക്കുമായിരുന്നുവെന്ന് വ്യക്തമാണ്. തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് പോസ്റ്റ് ഒന്നിന് പരമാവധി നൽകാവുന്ന തുക 75 രൂപയാണെന്നിരിക്കെ പഞ്ചായത്ത് ഭരണ സമിതി ആയത് 100 രൂപയായി വർദ്ധിപ്പിച്ച് നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ സെക്രട്ടറി പ്രസ്തുത തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 1,00,200 രൂപയുടെ നഷ്ടം 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെലവ് വിവരം

വൗച്ചർ നം 21900162/17.6.2019 - 89900/-

വൗച്ചർ നം 21900214/12.7.2019 – 67300/-

വൗച്ചർ നം 21900359/7.9.2019 – 89400/-

വൗച്ചർ നം 21900497/11.11.2019 – 58700/-

വൗച്ചർ നം 21900618/6.1.2020 – 84700/-

വൗച്ചർ നം 21900920/9.3.2020 - 71800/-

## 1-16 പകൽ വീട് പ്രവർത്തനം - പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ.

പകൽ വീട് പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വയോജനങ്ങൾക്ക് ഭക്ഷണവും യാത്രാസൗകര്യവും ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് പകൽ വീട് പ്രവർത്തനം (പ്രോ.നം 47/20). ടിപ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്

1) 28.01.2020ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി പകൽ വീട്ടിലെ ഗുണഭോക്താക്കളാകുന്നതിനായി ലഭിച്ച 23 അപേക്ഷകളിൽ 19 എണ്ണം അംഗീകരിക്കുകയും നാല് അപേക്ഷകൾ നിരസിക്കുകയും ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് (28.01.2020ലെ 6(6) നമ്പർ തീരുമാനം). എന്നാൽ പകൽ വീട്ടിലെ ഹാജർ രജിസ്റ്റർ, ഭക്ഷണ വിതരണത്തിനായി ചുമതലപ്പെടുത്തിയ നന്മ കുടുംബശ്രീ കാറ്ററിംഗ് ഗ്രൂപ്പ് ഹാജരാക്കിയ ബിൽ എന്നിവ പരിശോധിച്ചതിൽ 10.2.2020 മുതൽ 13.3.2020 വരെ 21 പേർക്ക് ഭക്ഷണം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. അധികമായി ഉൾപ്പെടുത്തിയ രണ്ട് പേരെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതിന്റെ രേഖകൾ ഫയലിലില്ല. പകൽ വീട് പ്രവർത്തനം തുടങ്ങിയതിന് ശേഷം കൂടുതൽ വയോജനങ്ങൾ എത്തിയിരുന്നുവെന്നും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇവരിൽ നിന്നും രണ്ട് പേരെ ഉൾപ്പെടുത്തിയെന്നും എന്നാൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങുവാൻ കാലതാമസം നേരിട്ടുവെന്നുമാണ് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ മാത്രം പകൽ വീട്ടിലേയ്ക്ക് അന്തേവാസികളെ പ്രവേശിപ്പിക്കുവാനും അവർക്കായി പദ്ധതിപ്പണം ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2) പഞ്ചായത്ത് ഭരണ സമിതി നന്മ കുടുംബശ്രീ കാറ്ററിംഗ് ഗ്രൂപ്പിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിനെ തുടർന്ന് 31.1.2020 മുതൽ ഇവർ ഭക്ഷണ വിതരണം നടത്തുന്നുണ്ട്. എന്നാൽ നന്മ കുടുംബശ്രീ കാറ്ററിംഗ് ഗ്രൂപ്പ് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 17.2.2020ൽ ആണ്. മുദ്രപത്രം ലഭിക്കുന്നതിൽ വന്ന കാലതാമസമാണ് യഥാസമയം എഗ്രിമെന്റ് വയ്ക്കാൻ കഴിയാതിരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. നിയമാനുസൃതം കരാറിലേർപ്പെടുന്നതിന് മുമ്പ് ഭക്ഷണ വിതരണം നടത്തിയത് ക്രമവിരുദ്ധമാണ്.

3) പകൽ വീട്ടിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വാഹന സൗകര്യം ലഭ്യമാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കിലോമീറ്ററിന് 15 രൂപ നിരക്കിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ സന്തോഷ് കെ.എസ് എന്നയാളെ 26.1.2020ലെ പഞ്ചായത്ത് യോഗം തെരഞ്ഞെടുത്തു. ടിയാന്റെ ഉടമസ്ഥതയിലുള്ള KL-32-P-4351 എന്ന ഓട്ടോറിക്ഷയിലാണ് അന്തേവാസികളെ പകൽ വീട്ടിലേയ്ക്കും തിരിച്ചും കൊണ്ടുപോയിരുന്നത്. ടിയാൻ ഹാജരാക്കിയ 3.3.2020ലെ ട്രിപ്പ് ഷീറ്റ് പ്രകാരം ആകെ ഓടിയ ദൂരം 2240 Km ആണ്. ഇതിൽ മറ്റ് യാത്രകളുടെ ദൂരവും ഉൾപ്പെട്ടിട്ടുള്ളതിനാൽ പകൽ വീടിനായി ഓടിയ ദൂരം 626 Km എന്ന് കണക്കാക്കിയാണ് തുക അനുവദിച്ചത്. 19.3.2020ലെ ട്രിപ്പ് ഷീറ്റിലും 752 Km രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 286km യാത്ര നടത്തിയതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ പകൽ വീട്ടിലെ അന്തേവാസികൾക്കായി ഏതൊക്കെ ദിവസമാണ് യാത്ര നടത്തിയതെന്നും ഓരോ ദിവസവും എത്ര കിലോമീറ്റർ സഞ്ചരിച്ചുവെന്നുമുള്ള കൃത്യമായ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ എപ്രകാരമാണ് വാഹനം ഓടിയ ദൂരവും തുകയും കണക്കാക്കിയതെന്ന് വ്യക്തമല്ല. മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - ബിൽ തുകയ്ക്ക് ആനുപാതികമായി ജി.എസ്.ടി കുറവ് ചെയ്തില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ (ജനറൽ - പ്രോ.നം 39/20), വൃദ്ധർക്ക് കട്ടിൽ (എസ്.സി - പ്രോ.നം 40/20) എന്നീ പദ്ധതികൾ പ്രകാരം കട്ടിൽ വാങ്ങി വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഗുണനിലവാര പരിശോധനയിൽ വിജയിച്ച മുണ്ടിക്കുന്നേൽ ഏജൻസീസ്, അത്താണി, പത്തനംതിട്ട എന്ന സ്ഥാപനത്തെ കട്ടിൽ വിതരണത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തു (31.10.2019ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(1)). കട്ടിൽ ഒന്നിന് 4100 രൂപ പ്രകാരം മേൽ പ്രോജക്ടുകൾക്കായി ആകെ 156 കട്ടിലുകൾ വാങ്ങുന്നതിനായി 6,39,600 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ആകെ ചെലവ് തുകയ്ക്ക് ആനുപാതികമായി ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

ആകെ ബിൽ തുകയിൽ നിന്നും നികുതി കുറച്ചുള്ള തുകയുടെ 2% ആണ് ജി.എസ്.ടി ആയി ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മുണ്ടിക്കുന്നേൽ ഏജൻസീസ് ഹാജരാക്കിയ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയ ഇൻവോയ്സിൽ കട്ടിലിന്റെ നികുതി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, വൃദ്ധർക്ക് കട്ടിൽ (എസ്.സി - പ്രോ.നം 40/20) എന്ന പ്രോജക്ട് പ്രകാരം വിതരണം നടത്തിയ 84 കട്ടിലുകളുടെ ആകെ ബിൽ തുകയായ 3,44,400 രൂപയുടെ 2% തുകയായ 6880 രൂപ മാത്രമാണ് തൻവർഷം ഉറവിടത്തിൽ നിന്നും നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ളത്. മുണ്ടിക്കുന്നേൽ ഏജൻസീസിന്റെ ഇൻവോയ്സ് പരിശോധിച്ചതിൽ മേൽ പരാമർശിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള കട്ടിലുകൾ 2019 ഡിസംബർ,2020 ജനുവരി മാസങ്ങളിലായാണ് വിതരണം നടത്തിയിട്ടുള്ളത്. ആയതിനാൽ 156 കട്ടിലുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 6,39,600 രൂപയിൽ 18% നികുതി കുറച്ചുള്ള 524472 രൂപയുടെ 2% തുകയായ 10,490 രൂപയാണ് ഉറവിടത്തിൽ കുറവ് ചെയ്യേണ്ടിയിരുന്നത്. നികുതിയിനത്തിൽ കുറവ് വന്ന തുക 2021-22 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രോ.നം 168/21ൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (11/5.3.22) മറുപടി നൽകിയത്. എന്നാൽ പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
സ്ഥാപനം നൽകുന്ന ഇൻവോയ്സിൽ ജി.എസ്.ടി തുക പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി മാത്രം ബിൽ തുക മാറി നൽകേണ്ടതാണ്. കൂടാതെ ഓരോ വർഷത്തേയും ജി.എസ്.റ്റി ടി.ഡി.എസ് അതത് വർഷം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 20/20.12.2019 - 98400/-

ബിൽ നം 21/20.12.2019 - 98400/-

ബിൽ നം 24/28.12.2019 – 98400/-

ബിൽ നം 25/28.12.2019 – 98400/-

ബിൽ നം 26/28.12.2019 – 98400/-

ബിൽ നം 28/07.01.2019 – 98400/-

ബിൽ നം 45/12.03.2019 - 49200/-

## 1-18 അനുപൂരക പോഷകാഹാര പദ്ധതി 2019-20 – സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടിയ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.05.2011ലെ 58814/D.C2/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി അങ്കണവാടികളിലേയ്ക്കുള്ള 2019ജൂൺ മാസത്തെ ഭക്ഷ്യധാന്യങ്ങൾ 2567 നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് കീഴിലുള്ള നീതി സ്റ്റോറിൽ നിന്നും (ബിൽ നം 110/4.6.2019 – 3,39,815 രൂപ) സപ്ലൈകോയുടെ വിലയേക്കാൾ കൂടിയ വിലയ്ക്കാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ ലഭ്യമല്ലായെന്നുള്ള എൻ.എ.സിയും ലഭ്യമായതായും കാണുന്നില്ല.

| ക്രമ നം | ഇനം | സപ്ലൈകോ വില (കി.ഗ്രാം) | നീതി സ്റ്റോർ വില (കി.ഗ്രാം) |
|---|---|---|---|
| 1 | ചെറുപയർ | 80 | 105 |
| 2 | കടല | 62 | 67 |
| 3 | ഗോതമ്പ് | 52.69 | 67 |
| 4 | പൊട്ടുകടല | 142.30 | 176 |
| 5 | കപ്പലണ്ടി | 189 | 208 |
| 6 | ചർക്കര | 74.26 | 86 |

സാമൂഹ്യ നീതി വകുപ്പിന്റെ 20.06.2019 സാ.നീ.വ-ബി1/493/2019 നമ്പർ സർക്കുലറിൽ സപ്ലൈകോയിലെ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയാൽ അധിക നിരക്കിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയതുകൊണ്ടാണ് നീതി സ്റ്റോറിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. മേൽ സർക്കുലറുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. കൂടാതെ തിരികെ ഈടാക്കിയ തുകയിൽ നിന്നും 18% ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി അക്കൗണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281രൂപ നിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 168/20 കിടങ്ങിൽ തുണ്ടിയിൽ തെങ്ങിൽപടി റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 31.18 ബാരൽ | 8764 | 28/21.8.19 619424 |
| 2 | 87/20ഇടയാമറ്റം കളരിത്തറ റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 32.7 ബാരൽ | 9189 | 40,41/18.1.20 797429/- |
| 3 | 183/20കണ്ടത്തുംകുഴി പനച്ച നിൽക്കുന്നതിൽ പാലക്കാമല റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15.6 ബാരൽ | 4384 | 16/8.7.19 542084/- |
| 4 | 165/20പെട്ടിപീടിക കരിമ്പനാംപൊയ്ക റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 20.69 ബാരൽ | 5814 | 32/4.9.19 391452/- |

| | | | | | |
|---|---|---|---|---|---|
| 5 | 157/20എരുമാല വടക്കേക്കരപ്പടി റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6.35 ബാരൽ | 1787 | 24/15.7.19 122938/- |
| 6 | 171/20 മുളനിക്കുന്നതിൽപടി തെങ്ങുമോടി റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 26.07 ബാരൽ | 7328 | 25/6.9.19 497060/- |
| 7 | 160/20 പഞ്ചായത്ത് ജംഗ്ഷൻ കാണിക്കമണ്ഡപം റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14.07 ബാരൽ | 3954 | 33/7.9.19 638028/- |
| 8 | 170/20 കിടങ്ങിൽ ഉണ്ടിൽ അഞ്ചമല റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7.44 ബാരൽ | 2093 | 27/20.8.19 315072/- |
| 9 | 147/20 കാണിക്കവഞ്ചി മൂലപ്ലാഞ്ചോട് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 26.49 ബാരൽ | 7444 | 11/30.4.19 722267/- |
| 10 | 109/20 കണ്ണങ്കര തുമ്പിനാൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 31.75 ബാരൽ | 8922 | 43,44/18.1.20 692956/- |
| 11 | 106/20എരുമാല വടക്കേക്കര റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 3653 | 52/18.1.20 295633/- |
| 12 | 158/20കൊട്ടുവേലിച്ചിറ കാഞ്ഞിരത്തുംമൂട് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17.86 ബാരൽ | 5019 | 53/16.3.20 384823/- |
| 13 | 155/20കണിയാഞ്ചിറ തിരുമുളക്കുഴ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8.81 ബാരൽ | 2478 | 18/18.7.19 179565/- |
| 14 | 162/20പള്ളിപ്പടി പട്ടങ്ങാട്ടിൻപടി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24.38 ബാരൽ | 6851 | 26/6.9.19 1101770/- |
| 15 | 111/20പാലനിക്കുന്നതിൽ പാതിരാവിൽ ഇടമലയിൽ റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5.51 ബാരൽ | 1551 | 48/18.1.20 300000/- |
| 16 | 163/20പുതുവേലി കോളനി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16.69 ബാരൽ | 4690 | 35/7.11.19 332000/- |
| 17 | 169/20പാറപ്പുറം കളരിത്തറ റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13.19 ബാരൽ | 3709 | 19/10.7.19 830724/- |
| 18 | 138/20മണ്ാറക്കോട് തടത്തിൽപ്പടി തുമ്പിനാൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 45.85 ബാരൽ | 12884 | 4/3.4.19 872641/- |
| 19 | 139/20തടത്തിൽപ്പടി പട്ടങ്ങാട്ട് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11.6 ബാരൽ | 3260 | 5/3.4.19 484807/- |
| 20 | 81/20കളത്തിൽപ്പടി ഭൂതംകുന്ന് കാഞ്ഞിരംനിൽക്കുന്നതിൽ റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10.8 ബാരൽ | 3035 | 49/18.1.20 300000/- |
| 21 | 79/20ഉണ്ടത്തിൽപ്പടി വെട്ടിക്കാല തെക്കേചരുവ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10.25 ബാരൽ | 2883 | 39/5.12.19 403674/- |
| 22 | 107/20തടത്തിൽപ്പടി പുതുക്കാല റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 20.29 ബാരൽ | 5704 | 65-70/12.3.20 299700/- |
| 23 | 172/20മൂലപ്ലാംചുവട് പഴയ കാരക്കാട് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8.3 ബാരൽ | 2335 | 77.80/31.3.20 199800/- |
| 24 | 146/20കുരുക്കത്തിൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16.5 ബാരൽ | 4642 | 9/30.4.19 374843/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/5.3.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിൽ ടാർ വീപ്പ വിറ്റുകിട്ടുന്ന തുകയെപ്പറ്റി യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലയെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ടാർ വീപ്പയുടെ വിലകൂടി ഉൾപ്പെട്ടുന്ന പാക്കാഡാ ബിറ്റുമിൻ നിരക്കിൽ മൂല്യനിർണ്ണയം നടത്തി തുക പിൻവലിക്കുമ്പോൾ വീപ്പയുടെ വിലകൂടി പിൻവലിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് യഥാർത്ഥത്തിൽ "എക്സസ് ഡ്രോവൽ" ആണ്. ഇപ്രകാരം ചെയ്യാതെ വീപ്പയുടെ വില കണക്കാക്കി പ്രസ്തുത തുക കുറവ് ചെയ്താണ് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതെങ്കിൽ ടി തുക അതത് ഫണ്ടിൽ തന്നെ

നിലനിൽക്കുന്നതാണ്. കൂടാതെ മേൽ ഉത്തരവിലെ ഖണ്ഡിക10.1ൽ ആവശ്യത്തിലധികമായി പിൻവലിക്കപ്പെടുന്ന ഏതൊരു ഫണ്ടും പ്രത്യേക ചെലാനപയോഗിച്ച് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാർവീപ്പയുടെ തുക എന്ന് പ്രത്യേകം എടുത്ത് പറയേണ്ട ആവശ്യമില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചവിധം അധികമായി പിൻവലിക്കപ്പെട്ട കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ടാർ വാങ്ങുവാനായി ഉപയോഗിച്ച ഫണ്ടിലേക്കും ജി.എസ്.ടി ഇനത്തിൽ ഈടാക്കിയ തുക 9%വീതം പ്രത്യേകം കണക്കാക്കി സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നീ ഹെഡ്ഡുകളിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ചാമച്ചിറ കരിക്കുംകാലാ കനകസ്മാരകം റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ

പ്രോജകട് നമ്പർ -140/20, അടങ്കൽ -600000/-

കരാറുകാരൻ - ജോളി തോമസ്, അളവ് പുസ്തകം 40/17-18

ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, അപ്പന്റിക്സ് "ബി" ഒന്നാമിനമായി റിട്ടെയ്നിംഗ് വാൾ നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

10x1.10x0.4 =4.4m$^3$ രണ്ടാമിനമായി ഡി.ആർ മേസണറി ചെയ്ത അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫൗണ്ടേഷൻ | 1x10x1.10x0.4= 4.40 |
| സൂപ്പർ സ്ട്രക്ചർ | 1x10[1+0.8]/2x1= 9.0 |
| | 1x10[0.8+0.5]/2[1.6+1.1]/2= 8.775 |
| ആകെ | 22.175m$^3$ |

ആകെ 22.175m$^3$ ചെയ്തത് 17.9m$^3$ ൽ പരിമിതപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ മൂന്നാമിനമായി ആർ.സി.സി ബെൽറ്റ് 1:2:4 അനുപാതത്തിൽ താഴെപറയുന്ന അളവിൽ ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| അളവ് പുസ്തകം പുറം 6 | ബെൽറ്റ് | 1x10x0.8x0.15= 1.20 |
| പുറം 7 | സൂപ്പർ സ്ട്രക്ചർ | 1x10[1+0.8]/2x1= 9.0 |
| | ടോപ്പ് | 1x10.6x0.5x0.15=0.795 |
| ഗാർഡ് സ്റ്റോൺ | | 8x0.2x0.2x0.45 =0.144 |
| | ആകെ | 2.139m$^3$ |

മേൽ പ്രവൃത്തിക്ക് നാലാമിനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് പുറം 5 പ്രകാരം താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 12mm | | 6x10.10x0.888 =53.81kg |
| 8mmറിംഗ് | | 55x1.8x0.395 =39.11kg |
| ഗാർഡ് സ്റ്റോൺ | | [4x8]x0.50x0.395 =6.32kg |
| റിംഗ് | | [4x8]x0.80x0.395 =10.11kg |
| അളവ് പുസ്തകം പുറം 8 | ബെൽറ്റ് 12mm | 6x10.5x0.888=55.94kg |

| | | |
|---|---|---|
| | റിംഗ് 8mm | 51x1.10x0.395=22.16 |
| ആകെ | | 187.45kg |

ആകെ സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് 165kgൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ റീ ടെയ്നിംഗ് വാൾ നിർമ്മാണത്തിൽ പാലിക്കേണ്ട ഫിനാൻസ് ഡിപ്പാർട്ട്മെന്റ്- ടെക്നിക്കൽ വിംഗിന്റെ 18.11.2016ലെ 87/2016സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മേൽ നിർദ്ദേശ പ്രകാരം റീടെയ്നിംഗ് വാളിന്റെ ഓരോ 2മീറ്റർ ഉയരത്തിനുമിടയിൽ 1:3:6അനുപാതത്തിൽ 15സെ.മീ. കനത്തിൽ 8mmസ്റ്റീൽ ബാർ 4എണ്ണം (Two Numbers Each At Top And Bottom) അതുപോലെ 8mm സ്റ്റിറപ്പ് 30സെ.മീ. അകലത്തിൽ നൽകാമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഫിനാൻസ് ഡിപ്പാർട്ട്മെന്റ്- ടെക്നിക്കൽ വിംഗിന്റെ 18.11.2016ലെ 87/2016സർക്കുലറിലെ നിർദ്ദേശപ്രകാരം മേൽ അളവിലുള്ള റീടെയ്നിംഗ് വാളിന് ആവശ്യമായ റീഇൻഫോഴ്സ്മെന്റിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 12mm | | 4x9.95x0.395 =15.72kg |
| 8mmറിംഗ് | | 35x1.7x0.395 =24kg |
| ഗാർഡ് സ്റ്റോൺ | | [4x8]x0.40x0.395 =5.05kg |
| റിംഗ് | | [4x8]x0.65x0.395 =8.22kg |
| അളവ് പുസ്തകം പുറം 8 | ബെൽറ്റ് 12mm | 4x9.95x0.395=15.72kg |
| | റിംഗ് 8mm | 35x1.10x0.395=15.2 |
| ആകെ | | 83.91kg (84kg) |

മേൽ സൂചിപ്പിച്ചവിധം ആകെ 84kg റീഇൻഫോഴ്സ്മെന്റ് ഉപയോഗിക്കുന്നതിന് പകരം 165kg സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുണ്ട്.

കൂടാതെ 10മീറ്റർ നീളത്തിൽ ഡി.ആർ മേസണറി ചെയ്തതിന് മീതെ 10.6മീറ്റർ നീളത്തിൽ ബെൽറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അളവ് പുസ്തകം പുറം 7 | ടോപ്പ് ബെൽറ്റ് ചെയ്ത അളവ് | 1x10.6x0.5x0.15=0.795 |
| ടോപ്പ് ബെൽറ്റ് ചെയ്യാവുന്ന അളവ് | | 1x10x0.5x0.15=0.75 |
| അധികം | | 0.045m3 @8940/m3 = 402/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/5.3.22)ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ സർക്കുലറിലെ അപാകതകൾ പരിഹരിച്ച് 5.8.2021ൽ 64/2021/Fin നമ്പറായി ഫിനാൻസ് ടെക്നിക്കൽ വിംഗ് സർക്കുലർ നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം ടെക്നിക്കൽ സാംഗ്ഷനിംഗ് അതോറിട്ടിക്ക് ബോധ്യപ്പെടുന്ന പക്ഷം സർക്കുലർ പ്രകാരമുള്ള ടിപ്പിക്കൽ ഡിസൈൻ അല്ലാതെയും നിർമ്മാണം നടത്താവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ ഓഡിറ്റ് കാലയളവിന് ശേഷമുള്ളതാണെങ്കിലും ടെക്നിക്കാലിറ്റി വ്യക്തമാക്കപ്പെടുന്നതിനാൽ മറുപടി അംഗീകരിക്കുന്നു. എന്നാൽ 10മീറ്റർ നീളത്തിൽ ഡി.ആർ മേസണറി ചെയ്തതിന് മീതെ 10.6മീറ്റർ നീളത്തിൽ ബെൽറ്റ് ചെയ്തതുമൂലം അധികം ചെലവഴിച്ച 402/-രൂപ കരാറുകരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ-അപാകതകൾ

പഞ്ചായത്തിലെ 2019-2020 വർഷത്തെ മരണറിപ്പോർട്ടും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ അധികം തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പെൻഷൻ അനുവദിച്ചത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ചെല്ലമ്മ ആനാട്ടുതടത്തിൽ കാരക്കാട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640200128 | 20.2.19 | 26.3.19 | 4/2019വരെ | 3/19, 4/19 3000/- |
| 2 | കുഞ്ഞമ്മ പളനികുന്നതിൽ പിരളശ്ശേരി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640200813 | 30.8.19 | 26.11.19 | 9/19മുതൽ 12/21വരെ തുക കൈപ്പറ്റി 1/22ലെ 1600/- രൂപ ബാങ്കിന് കൈമാറി | *39400/-രൂപ ഫെഡറൽ ബാങ്ക് മുളക്കുഴ A/c. 11670100121919 |

[*9/19, 10/19,11/19 ▶ 3600/-, 12/19മുതൽ 4/20വരെ ▶ 6100/-,5/20മുതൽ 8/20 വരെ ▶ 5200/-,

9/20മുതൽ 12/20 വരെ ▶ 5600/-,1/21മുതൽ 3/21 വരെ ▶ 4500/-, 4/21മുതൽ 12/21 വരെ ▶ 14400/-,]

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികകമായി കൈപ്പറ്റിയിട്ടുള്ള 42400/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. അധികമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള തുക ഡി.ബി.ടി സെല്ലിലേക്ക് തിരികെ ഒടുക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ബാങ്ക്/സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. 2019-20 വർഷം അനർഹമായ കാലയളവിൽ പെൻഷൻ ഇനത്തിൽ അധികമായി നൽകിയ 9980/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. അധികമായി നൽകിയതിൽ 2018-19കാലയളവിലെ 1500/-കിഴിച്ച് ബാക്കി തുക 30920/-2020-21ലെ റിപ്പോർട്ടിൽ പ്രതിപാതിക്കുന്നതാണ്.

### 3-2 തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 07/2020) – സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 4,61,800രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമായി നടത്തുന്നതിന് 2018-19 വർഷം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ഇലക്ട്രീഷ്യന്മാരായ ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവരുടെ സേവനം 2019-20 വർഷത്തേയ്ക്ക് നീട്ടുന്നതിനും ഒരു പോസ്റ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള വേതനം 75 രൂപയിൽ നിന്നും 100 രൂപയായി ഉയർത്തുന്നതിനും 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം 5(1)). അറ്റകുറ്റപ്പണി നടക്കുന്ന ദിവസങ്ങളിൽ തെരുവ് വിളക്ക് ഉപകരണങ്ങളും മറ്റും സൈറ്റിൽ എത്തിക്കുന്നതിന് ദിവസം 1000 രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി. തുടർന്ന് 2019-20 വർഷത്തേയ്ക്ക് തെരുവ് വിളക്ക് പരിപാലനത്തിനായി ടി വ്യക്തികളുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, തൻവർഷം 4008 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവർക്ക് വേതനമിനത്തിൽ 4,00,800 രൂപയും വാഹന വാടകയിനത്തിൽ 61,000 ഉൾപ്പെടെ ആകെ 4,61,800രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.08.2015ലെ ഉത്തരവ് നമ്പർ ജി2-44274/2015 പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിച്ച് തെരുവ് വിളക്ക് അറ്റകുറ്റപ്പണി സാഹചര്യത്തിൽ ദിവസ വേതനമായി 700

രൂപയോ അല്ലെങ്കിൽ പോൾ ഒന്നിന് പരമാവധി 75 രൂപയോ ആയി വേതനം നിജപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിനായി വിരുദ്ധമായി പോൾ ഒന്നിന് 100 രൂപ നിരക്കിൽ വേതനം നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് 1,00,200 രൂപയുടെ (4008x100 – 4008x75) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/5.3.2020) മറുപടി ലഭ്യമാക്കിയില്ല.

2018-19 വർഷം ക്വട്ടേഷൻ നടപടികളിലൂടെ പോസ്റ്റ് ഒന്നിന് 75 രൂപ നിരക്കിലാണ് ശ്രീ.രാജേഷ് എസ്.ബി, ശ്രീ.രാധാകൃഷ്ണ പിള്ള എന്നിവരെ ഇലക്ട്രീഷ്യന്മാരായി നിയമിച്ചത്. തൻവർഷം ഇവരുടെ അപേക്ഷ പരിഗണിച്ച് 25 രൂപ വർദ്ധനവ് വരുത്തി പുനർനിയമനം നൽകുകയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2020-21 വർഷം ക്വട്ടേഷൻ വിളിച്ച് ഒരു പോസ്റ്റിന് 64 രൂപയ്ക്കാണ് പ്രവൃത്തി നടത്തിയത്. തൻവർഷം ക്വട്ടേഷനിലൂടെ പ്രവൃത്തി നടപ്പാക്കിയിരുന്നുവെങ്കിൽ 75 രൂപയ്ക്കോ അതിൽ കുറഞ്ഞ നിരക്കിലോ ഇലക്ട്രീഷ്യനെ ലഭിക്കുമായിരുന്നുവെന്ന് വ്യക്തമാണ്. തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് പോസ്റ്റ് ഒന്നിന് പരമാവധി നൽകാവുന്ന തുക 75 രൂപയാണെന്നിരിക്കെ പഞ്ചായത്ത് ഭരണ സമിതി ആയത് 100 രൂപയായി വർദ്ധിപ്പിച്ച് നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ സെക്രട്ടറി പ്രസ്തുത തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 1,00,200 രൂപയുടെ നഷ്ടം 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. 16.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെലവ് വിവരം

വൗച്ചർ നം 21900162/17.6.2019 - 89900/-

വൗച്ചർ നം 21900214/12.7.2019 – 67300/-

വൗച്ചർ നം 21900359/7.9.2019 – 89400/-

വൗച്ചർ നം 21900497/11.11.2019 – 58700/-

വൗച്ചർ നം 21900618/6.1.2020 – 84700/-

വൗച്ചർ നം 21900920/9.3.2020 - 71800/-

## 3-3 ചാമച്ചിറ കരിക്കുംകാലാ കനകസ്മാരകം റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ

പ്രോജകട് നമ്പർ -140/20, അടങ്കൽ -600000/-

കരാറുകാരൻ - ജോളി തോമസ്, അളവ് പുസ്തകം 40/17-18

ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, അപ്പന്റിക്സ് "ബി" ഒന്നാമിനമായി റിട്ടെയ്നിംഗ് വാൾ നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

10x1.10x0.4 =4.4m$^3$ രണ്ടാമിനമായി ഡി.ആർ മേസണറി ചെയ്ത അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫൗണ്ടേഷൻ | 1x10x1.10x0.4= 4.40 |
| സൂപ്പർ സ്ട്രക്ചർ | 1x10[1+0.8]/2x1= 9.0 |
| | 1x10[0.8+0.5]/2[1.6+1.1]/2= 8.775 |
| ആകെ | 22.175m$^3$ |

ആകെ 22.175m$^3$ ചെയ്തത് 17.9m$^3$ ൽ പരിമിതപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ മൂന്നാമിനമായി ആർ.സി.സി ബെൽറ്റ് 1:2:4 അനുപാതത്തിൽ താഴെപറയുന്ന അളവിൽ ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| അളവ് പുസ്തകം പുറം 6 | ബെൽറ്റ് | 1x10x0.8x0.15= 1.20 |
| പുറം 7 | സൂപ്പർ സ്ട്രക്ചർ | 1x10[1+0.8]/2x1= 9.0 |
| | ടോപ്പ് | 1x10.6x0.5x0.15=0.795 |
| ഗാർഡ് സ്റ്റോൺ | | 8x0.2x0.2x0.45 =0.144 |
| | ആകെ | 2.139m$^3$ |

മേൽ പ്രവൃത്തിക്ക് നാലാമിനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് പുറം 5 പ്രകാരം താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 12mm | | 6x10.10x0.888 =53.81kg |
| 8mmറിംഗ് | | 55x1.8x0.395 =39.11kg |
| ഗാർഡ് സ്റ്റോൺ | | [4x8]x0.50x0.395 =6.32kg |
| റിംഗ് | | [4x8]x0.80x0.395 =10.11kg |
| അളവ് പുസ്തകം പുറം 8 | ബെൽറ്റ് 12mm | 6x10.5x0.888=55.94kg |
| | റിംഗ് 8mm | 51x1.10x0.395=22.16 |
| ആകെ | | 187.45kg |

ആകെ സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് 165kgൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ റീ ടെയ്നിംഗ് വാൾ നിർമ്മാണത്തിൽ പാലിക്കേണ്ട ഫിനാൻസ് ഡിപ്പാർട്ട്മെന്റ്- ടെക്നിക്കൽ വിംഗിന്റെ 18.11.2016ലെ 87/2016സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മേൽ നിർദ്ദേശ പ്രകാരം റീടെയ്നിംഗ് വാളിന്റെ ഓരോ 2മീറ്റർ ഉയരത്തിനുമിടയിൽ 1:3:6അനുപാതത്തിൽ 15സെ.മീ. കനത്തിൽ 8mmസ്റ്റീൽ ബാർ 4എണ്ണം (Two Numbers Each At Top And Bottom) അതുപോലെ 8mm സ്റ്റിറപ്പ് 30സെ.മീ. അകലത്തിൽ നൽകാമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഫിനാൻസ് ഡിപ്പാർട്ട്മെന്റ്- ടെക്നിക്കൽ വിംഗിന്റെ 18.11.2016ലെ 87/2016സർക്കുലറിലെ നിർദ്ദേശപ്രകാരം മേൽ അളവിലുള്ള റീടെയ്നിംഗ് വാളിന് ആവശ്യമായ റീഇൻഫോഴ്സ്മെന്റിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 12mm | | 4x9.95x0.395 =15.72kg |
| 8mmറിംഗ് | | 35x1.7x0.395 =24kg |
| ഗാർഡ് സ്റ്റോൺ | | [4x8]x0.40x0.395 =5.05kg |
| റിംഗ് | | [4x8]x0.65x0.395 =8.22kg |
| അളവ് പുസ്തകം പുറം 8 | ബെൽറ്റ് 12mm | 4x9.95x0.395=15.72kg |
| | റിംഗ് 8mm | 35x1.10x0.395=15.2 |
| ആകെ | | 83.91kg (84kg) |

മേൽ സൂചിപ്പിച്ചവിധം ആകെ 84kg റീഇൻഫോഴ്സ്മെന്റ് ഉപയോഗിക്കുന്നതിന് പകരം 165kg സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുണ്ട്.

കൂടാതെ 10മീറ്റർ നീളത്തിൽ ഡി.ആർ മേസണറി ചെയ്തതിന് മീതെ 10.6മീറ്റർ നീളത്തിൽ ബെൽറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അളവ് പുസ്തകം പുറം 7 | ടോപ്പ് ബെൽറ്റ് ചെയ്ത അളവ് | 1x10.6x0.5x0.15=0.795 |

| | |
|---|---|
| ടോപ്പ് ബെൽറ്റ് ചെയ്യാവുന്ന അളവ് | 1x10x0.5x0.15=0.75 |
| അധികം | 0.045m3 @8940/m3 = 402/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/5.3.22)ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ സർക്കുലറിലെ അപാകതകൾ പരിഹരിച്ച് 5.8.2021ൽ 64/2021/Fin നമ്പറായി ഫിനാൻസ് ടെക്നിക്കൽ വിംഗ് സർക്കുലർ നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം ടെക്നിക്കൽ സാംഗ്ഷനിംഗ് അതോറിട്ടിക്ക് ബോധ്യപ്പെടുന്ന പക്ഷം സർക്കുലർ പ്രകാരമുള്ള ടിപ്പിക്കൽ ഡിസൈൻ അല്ലാതെയും നിർമ്മാണം നടത്താവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ ഓഡിറ്റ് കാലയളവിന് ശേഷമുള്ളതാണെങ്കിലും ടെക്നിക്കാലിറ്റി വ്യക്തമാക്കപ്പെടുന്നതിനാൽ മറുപടി അംഗീകരിക്കുന്നു. എന്നാൽ 10മീറ്റർ നീളത്തിൽ ഡി.ആർ മേസണറി ചെയ്തതിന് മീതെ 10.6മീറ്റർ നീളത്തിൽ ബെൽറ്റ് ചെയ്തതുമൂലം അധികം ചെലവഴിച്ച 402/-രൂപ കരാറുകരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 503700 | എസ്.സി.പഠനമുറി | 503700 | 00 |
| | 2019-20 | 45714 | കൂലിച്ചെലവ് സബ്സിഡി | 45714 | 00 |
| | 2019-20 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 93044 | 6956 |
| | 2019-20 | 300000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 300000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 600000 | ലൈഫ് പദ്ധതി ജനറൽ | 00 | 600000 |
| | 2019-20 | 700000 | ലൈഫ് പദ്ധതി എസ്.സി.പി | 00 | 700000 |
| | 2019-20 | 200000 | പാലിന് സബ്സിഡി | 200000 | 00 |
| | 2019-20 | 100000 | അഗതി രഹിത കേരളം പദ്ധതി | 00 | 100000 |

മുൻവർഷങ്ങളിലേതുൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 2177387/- രൂപയും ജില്ലാ

പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 319568/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗ് | ഗ്രാമ പഞ്ചായത്ത് വൈദ്യുതീകരണം | 006636046201920 | 410000 | 371866 | 38134 |
| | | | | | |

മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരള പബ്ളിക്ക് വർക്കസ് ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുള്ള 200000/-രൂപ നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി ഇല്ല | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ- ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 840000 | 3277764 | 382353 | | 3735411 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2019-20 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1348256 |
| തൻവർഷം നിക്ഷേപിച്ച തുക | 62350 |
| ആകെ | 1410606 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1410606 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മുളക്കുഴ | 1410606 | 2014/NDRS/0302982 Dt 28.3.2020 |
| ആകെ | 1410606 | |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,80,47,693/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,64,86,276/- |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 110582 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<table>
<tr><th rowspan="2">ഖണ്ഡിക നമ്പർ</th><th colspan="3">നഷ്ടമായ തുക</th><th rowspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><th>ചാർജ്ജ് ചെയ്യാവുന്നത്</th><th colspan="2">സർചാർജ്ജ് ചെയ്യാവുന്നത്</th></tr>
<tr><td rowspan="3">3-1</td><td rowspan="3"></td><td rowspan="3">9980</td><td>1500</td><td>മോഹൻ. വി.യു<br>സെക്രട്ടറി</td></tr>
<tr><td>3600</td><td>ലതിക.ജെ<br>സെക്രട്ടറി</td></tr>
<tr><td>4880</td><td>ജെനിമോൻ.എസ്<br>സെക്രട്ടറി</td></tr>
<tr><td>3-2</td><td></td><td colspan="2">100200</td><td>സെക്രട്ടറി , കമ്മറ്റി അംഗങ്ങൾ</td></tr>
<tr><td>3-4</td><td></td><td colspan="2">402</td><td>സുജിത് രാജൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ</td></tr>
<tr><td>ആകെ</td><td>00</td><td colspan="2">110582</td><td></td></tr>
</table>

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മോഹൻ. വി.യു<br>സെക്രട്ടറി | വിരമിച്ചു | കൽഹാരം<br>ചെങ്ങന്നൂർ പി.ഒ |
| ലതിക.ജെ<br>സെക്രട്ടറി | ലഭ്യമാക്കിയില്ല | സൗപർണ്ണിക<br>കാർത്തികപ്പള്ളി പി.ഒ<br>കൊല്ലം |
| ജെനിമോൻ.എസ്<br>സെക്രട്ടറി | ലഭ്യമാക്കിയില്ല | സൗപർണ്ണിക<br>കൈചൂണ്ടിമുക്ക് പി.ഒ<br>ആലപ്പുഴ |
| സുജിത് രാജൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | ഇട്ടിയപ്പൻ വിളയിൽ<br>മാവേലിക്കര പി.ഒ |
| ശ്രീമതി.ധന്യ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>മുളക്കുഴ പഞ്ചായത്ത് | നാരായണമന്ദിരം<br>കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ 9-322/01/28.6.01 |
| 1998-99 | എൽ.എഫ്.എ-992/02/28.6.01/11.11.02 |
| 2000-01 | എൽ.എഫ്.എ-822/05/31.1.06/31.3.06 |
| 1997-98 (വരവ്) | എൽ.എഫ്.എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ.എഫ്.എ-11 -28/10/8.4.10/12.5.10 |
| 2004-05 | എൽ.എഫ്.എ-11-29/10/.8.04.10/12.5.10 |
| 2006-07 | എൽ.എഫ്.എ -2-1482/10/20.6.11/2.7.11 |
| 2007-08 | എൽ.എഫ്.എ -2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ.എഫ്.എ -പി5-1485/20.6.11/18.7.11 |

| | |
|---|---|
| 2009-10 & 10-11 | എൽ.എഫ്.എ -പി 5--1402/12/18.12.12/14.3.13 |
| 2011-12, 2012-13 | എൽ.എഫ്.എ- പി5-1315/2014/11.12.14 /31.1.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5-1192/15 /15-09-2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി 5-828/16 /29.07.16 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി.5-18/2017 /30/01/2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി5-1375/2017 /13.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി - പി 5- 1496/19 /8.2.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി - പി 5- 794/20 /21.1.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## 16.02.2019ലെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരു വിവരം.

1) ലീലാമ്മ ജോസ്, വാർഡ് 2 (പുളിക്കൽ)

2) മനോജ് കുമാർ, വാർഡ് 3 (മുളക്കുഴ)

3) ബിന്ദു, വാർഡ് 5 (പട്ടങ്ങാട്)

4) എ.ജി അനിൽ കുമാർ വാർഡ് 6 (കുടയ്ക്കാമരം)

5) വിജയകുമാർ പി.ആർ, വാർഡ് 7 (മണ്ണാറക്കോട്)

6) മിനി സുഭാഷ്, വാർഡ് 9 (കരിമ്പിനാം പൊയ്ക)

7) ലത വി.ആർ, വാർഡ് 10 (കറിനാവിള)

8) ചന്ദ്രിക മോഹൻ, വാർഡ് 12 (താഴാംഭാഗം)

9) ഷൈലജ, വാർഡ് 13 (കളരിത്തറ)

10) ഓമന രാമചന്ദ്രൻ, വാർഡ് 15 (വലിയപറമ്പ്)

11) കുഞ്ഞുമോൾ, വാർഡ് 17 (പൂപ്പൻകര)